**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1200** 10/08/2017 -ൽ മറുപടിയ്ക്ക്

**വിദ്യാർത്ഥികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം. കെ. മുനീർ : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥി കൾക്കായി ഏർപ്പെടുത്തിയ സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് സ്കൂളിലെ പ്രധാന അധ്യാപകർക്കും മറ്റ് അധ്യാപകർക്കും വ്യക്തമായ ധാരണ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) 2013 വർഷം മുതലുള്ള ക്ലെയിം തുക സമയബന്ധിതമായി നൽകുന്നതിന് ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽ കുമോ; | (ബി) 2013 മുതൽ കുടിശ്ശികയുള്ള ക്ലെയിം സമയബന്ധിതമായി അനുവദിച്ച് നൽകുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുവാൻ ഹെ ഡ്മാസ്റ്റർമാർക്കും നിർദ്ദേശം നൽകി യിട്ടുണ്ട്. |
| (സി) പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽ കുന്ന നിർദ്ദേശങ്ങൾ ഡി.ഡി., ഡി.ഇ.ഒ ഓഫീസുകളിൽ നിന്ന് സ്കൂൾ അധികൃതർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്ന എല്ലാ സർക്കുലറുകളും സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നൽകുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) അപകട - മരണ ഇൻഷ്വറൻസ് സംബന്ധിച്ചുള്ള അറിയിപ്പുകൾ എല്ലാ വിദ്യാലയങ്ങളിലും നൽകുന്നതിന് നട പടി സ്വീകരിക്കുമോ ? | (ഡി) ഇതിനകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ